# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2078** — **01/02/2018-ൽ മറുപടിക്ക്**

## ഡിഫ്ത്തീരിയ നിർമ്മാർജ്ജനം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.എ.പി.അനിൽ കുമാർ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| **എ)** | സംസ്ഥാനത്ത് എവിടെയെങ്കിലും 2017 ഡിസംബറിൽ ഡിഫ്ത്തീരിയ രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | **എ)** | സംസ്ഥാനത്ത് വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ 2017 ഡിസംബറിൽ ഡിഫ്ത്തീരിയ രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>വയനാട് ജില്ലയിൽ 3 ഡിഫ്ത്തീരിയ കേസുകളും മലപ്പുറം ജില്ലയിൽ ഒരു ഡിഫ്ത്തീരിയ കേസുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മലപ്പുറത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട ഡിഫ്ത്തീരിയ രോഗിയ്ക്ക് മരണം സംഭവിച്ചു. |
| **ബി)** | മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മുൻപ് പ്രസ്തുത രോഗം റിപ്പോർട്ട് ചെയ്തപ്പോൾ നടത്തിയ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായിരുന്നോ; | **ബി)** | മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ മുൻപ് പ്രസ്തുത രോഗം റിപ്പോർട്ട് ചെയ്തപ്പോൾ പ്രതിരോധകുത്തിവെയ്പുകളുടെ ആവശ്യകതയും നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാതലത്തിൽ നടത്തി. രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും അവലോകന ബോധ-വൽക്കരണ പ്രവർത്തനങ്ങൾ ആരോഗ്യ-വകുപ്പിന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ വളരെ ഫലപ്രദമായി നടത്തിയിരുന്നു. |
| **സി)** | പ്രസ്തുത രോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് തീവ്രയജ്ഞപരിപാടി സംഘടിപ്പിക്കുമോ? | **സി)** | രോഗപ്രതിരോധ കുത്തിവെയ്പുകൾ സാർവത്രികമാക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രവർത്തനം നടത്തിവരുന്നു. മലപ്പുറത്ത് ഇന്റൻസിഫൈഡ് മിഷൻ ഇന്ദ്രധനുഷ് എന്ന പരിപാടി നടത്തിവരുന്നു.<br>ഡിഫ്ത്തീരിയ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പ്രതിരോധകുത്തിവെയ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**